(സി) ആർ.ആർ.ആർ. പാക്കേജ് കേരളത്തിലെ മുഴുവൻ കൈത്തറി സംഘങ്ങളിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അത് സാദ്ധ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭിച്ച മറുപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി നെയ്ത്ത് സംഘങ്ങളിൽ ആർ.ആർ.ആർ. പാക്കേജ് നടപ്പിലാക്കിയതിനുശേഷം കൈത്തറി സംഘങ്ങളിൽ ബാക്കി നിൽക്കുന്ന വായ്പ തുക എഴുതി തള്ളുന്നതിനായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ വായ്പാ തുക എഴുതി തള്ളുന്നതിന് തീരുമാനിച്ച് പ്രൊപ്പോസൽ സഹകരണ രജിസ്ട്രാർക്ക് നൽകിയതായി റിസർവ് ബാങ്കിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

ബാങ്കിൽ ബാധ്യതയായി നിൽക്കുന്ന തുക എഴുതിത്തള്ളുന്നതിന് അഡ്മിനിസ്ട്രേറ്റർ നടപടി കൈക്കൊള്ളുകയും ആയത് സഹകരണ രജിസ്ട്രാറുടെ അനുവാദത്തിനായി സമർപ്പിച്ചിട്ടുള്ളതായും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതി നിലവിലില്ല.

## സഹകരണ സ്പിന്നിംഗ് മില്ലുകളിലെ ഭരണസമിതി തെരഞ്ഞെടുപ്പ്

134(3828) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കണ്ണൂർ, മലപ്പുറം കുറ്റിപ്പുറം മാൽക്കോടെക്സ്, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രസ്തുത മില്ലുകളിൽ സർക്കാർ നോമിനേറ്റഡ് ഭരണസമിതി വർഷങ്ങളായി തുടരുന്നതിന് നിയമസാധുതയുണ്ടോ; ഇതുസംബന്ധിച്ച് ഓർഡിനൻസ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണനിയമത്തിൽ ഏതു വകുപ്പിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതി അനന്തമായി തുടരാൻ അനുമതി നൽകിയത്;നോമിനേറ്റഡ് ഭരണസമിതിയുടെ കാലാവധി എത്രയാണ്;

(ഡി) സഹകരണനിയമ പ്രകാരം ഇത്തരം സംഘങ്ങളിൽ സർക്കാരിന് പരമാവധി മൂന്ന് അംഗങ്ങളെ മാത്രമേ നോമിനേറ്റ് ചെയ്യുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ മറികടന്ന് കൂടുതൽ പേരെ നോമിനേറ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) നിയമമനുസരിച്ച് ഇത്തരം സംഘങ്ങളിൽ മിനിമം 7 അംഗങ്ങൾ ഉണ്ടാവണമെന്ന വ്യവസ്ഥ പാലിക്കാൻ, ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യം പുനഃസ്ഥാപിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളെ കേരള സഹകരണ നിയമത്തിലെ സെക്ഷൻ 101 പ്രകാരമുള്ള സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് സെക്ഷൻ 29, 30, 33 പ്രകാരമുള്ള നിബന്ധനകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതനുസരിച്ച് നാമനിർദ്ദേശം ചെയ്യപ്പെട്ട ഭരണസമിതിയാണ് മേൽ മില്ലുകളിൽ ഇപ്പോൾ നിലവിലുള്ളത്.

കുറ്റിപ്പുറം മാൽക്കോടെക്സിൽ 2016 ആഗസ്റ്റ് മാസം 24-ന് നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതലയേറ്റ് 6 മാസം പൂർത്തിയായെങ്കിലും 2016 മേയ് മാസത്തിൽ പൊതുതെരഞ്ഞെടുപ്പ് നടന്നതിനാൽ സാങ്കേതിക പ്രയാസങ്ങൾമൂലം മാൽക്കോടെക്സിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണസമിതിയിലേയ്ക്ക് ഇലക്ഷൻ നടത്തുവാൻ സാധിച്ചിരുന്നില്ല.

ടി സ്ഥാപനവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണങ്ങൾ നടക്കുന്നതിനാലും തുടർന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രയാസങ്ങൾ നേരിട്ടതിനാലും നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി സർക്കാർ വീണ്ടും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംസ്ഥാന സഹകരണ നിയമത്തിലെ സെക്ഷൻ 101-ന്റെ അടിസ്ഥാനത്തിലാണ് പുതിയ ഭരണസമിതി അധികാരത്തിൽ വരുന്നതുവരെ നോമിനേറ്റഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) മുന്നിൽ കൂടുതൽ അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും മുൻകാല പ്രവർത്തനങ്ങളിലെ അപാകതകൾ കണ്ടെത്തി പരിഹരിക്കുന്നതിനുമാണ് സംസ്ഥാന സഹകരണ നിയമത്തിലെ സെക്ഷൻ 101-ന് വിധേയമായി കൂടുതൽ അംഗങ്ങളെ നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(ഇ) ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാൻ അനുയോജ്യമായ സാഹചര്യം ഉണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് പ്രക്രിയ നടത്താവുന്നതാണ്.

## കോട്ടയം ടെക്സ്റ്റൈൽസിലെ സീനിയോറിറ്റി പ്രശ്നം

135(3829) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിൽ കാലങ്ങളായി ജോലി ചെയ്യുന്ന ട്രയിനി ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ അവർക്ക് നൽകേണ്ട സീനിയോറിറ്റി നഷ്ടപ്പെടുകയും എന്നാൽ കാഷ്വൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ജോയിനിംഗ് ഡേറ്റ് കണക്കാക്കി നൽകുകയും ചെയ്ത പ്രശ്നം പരിഹരിക്കുന്നതിന് മാനേജ്മെന്റും സർക്കാരും സ്വീകരിച്ചിരിക്കുന്ന നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ഇതിൽ മാനേജ്മെന്റ് നിലപാട് വ്യക്തമാക്കാമോ; കോടതി നിർദ്ദേശങ്ങൾ മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) സീനിയോറിറ്റി വിഷയം വ്യവസായ തർക്ക കോടതിയുടെ മുന്നിൽ എത്തിയപ്പോൾ ഉണ്ടായ പരിഹാര നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച് പരിഹാരം ഉണ്ടാക്കുന്നതിനായി എറണാകുളം ജോയിന്റ് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly